'ഭരണഭാഷ– മാതൃഭാഷ'

**കേരള സർക്കാർ**

നം.383/എം.2/2018/പൊ.വി.വ

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 05/12/2018

<u>സർക്കുലർ</u>

വിഷയം:– പൊതുവിദ്യാഭ്യാസ വകുപ്പ് – പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി – പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ വിദ്യാഭ്യാസ നിർവ്വഹണ ഉദ്യോഗസ്ഥരെ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നത് – സംബന്ധിച്ച്

സൂചന:– (1)സ.ഉ (പി) നം.186/2016/പൊ.വി.വ തിയതി 07/11/2016
(2)സ.ഉ (സാധാ) നം.1630/2017/പൊ.വി.വ തിയതി 30/05/17
(3)21/11/18ലെ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ കത്ത് നം.21/Secy/18/G.Edn

*********************

സൂചന (1)ലെ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് ഉത്തവായിട്ടുണ്ട്. സൂചന (2) ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ലക്ഷ്യങ്ങൾ, ജനകീയ വിദ്യാഭ്യാസ മാതൃകയുടെ വികസനം, നിർവ്വഹണം, സഹായ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് മാർഗ്ഗ രേഖ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി അധികാരവികേന്ദ്രീകരണവും വിദ്യാഭ്യാസവും, നവകേരളം വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ, വിദ്യാഭ്യാസ പ്രോജക്ടുകൾ രൂപപ്പെടുത്തേണ്ടതെങ്ങനെ, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ്, ഓഡിറ്റിംഗ്, ഫയൽ മാനേജ്മെന്റ് എന്നിവ സംബന്ധിച്ച ക്ലാസുകളും ചർച്ചകളും ഉൾപ്പെടുത്തി തൃശ്ശൂർ കില (Kerala Institute of Local Administration) യുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആയതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ എല്ലാ വിദ്യാഭ്യാസ ഡയറക്ടർമാരും സ്വീകരിക്കേണ്ടതാണ്.

പി.എസ്.കൃഷ്ണകുമാർ
അഡീഷണൽ സെക്രട്ടറി

ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് വൈസ്ചെയർമാൻ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഐ&പിആർഡി (വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Namitha P
സെക്ഷൻ ഓഫീസർ.

പകർപ്പ് - വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്